(ബി) പരസ്യം ലേലം കൊണ്ടവർ ഇനി കെ. എസ്. ആർ. ടി. സി.-ക്ക് എത്ര രൂപയുടെ കുടിശ്ശിക അടച്ചുതീർക്കാനുണ്ട്;

(സി) പരസ്യത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഏതൊക്കെ പരസ്യ കമ്പനികളെയാണ് കെ. എസ്. ആർ. ടി. സി. ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ളത്;

(ഡി) പരസ്യത്തുക അടച്ചുതീർക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള പരസ്യ കമ്പനികൾക്കെതിരെ കെ. എസ്. ആർ. ടി. സി. നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണ് എന്ന് പറയാമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയ്ക്ക് പരസ്യയിനത്തിൽ 1,83,74,916 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കുടിശ്ശികയിനത്തിൽ ഒരു തുകയും അടച്ചുതീർക്കാനില്ല.

(സി) ഒരു പരസ്യകമ്പനിയേയും കെ. എസ്. ആർ. ടി. സി. ബ്ലാക്ക് ലിസ്റ്റിൽ പെടുത്തിയിട്ടില്ല.

(ഡി) പരസ്യത്തുക അടച്ചുതീർക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള കമ്പനികൾക്ക് ഉടൻതന്നെ നോട്ടീസ് നൽകി പരസ്യത്തുക അടപ്പിക്കുവാൻ നടപടി കൈക്കൊള്ളുന്നുണ്ട്. ഇപ്പോൾ കുടിശ്ശിക ഒന്നും ഇല്ല.

റൂട്ടുകൾ ക്രമീകരിക്കുന്നതിൽ ഉള്ള അപാകതകൾ പരിഹരിക്കാൻ നടപടി

60 [4938] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിൽ രാത്രികാലങ്ങളിലും അതിരാവിലെയും കളക്ഷൻനോക്കി റൂട്ടുകൾ ക്രമീകരിക്കുന്നതിൽ ഉള്ള അപാകതകൾ, ജനങ്ങൾക്കുള്ള യാത്രാസൗകര്യമില്ലായ്മ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു പഠനം നടത്തി ആയതിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൺസഷനുകൾ, യാത്രാപാസ്സുകൾ എന്നിവ ഉപയോഗിക്കുന്നതുമൂലം പല റൂട്ടുകളിലും കളക്ഷൻ കണക്കാക്കാൻ കഴിയാത്ത വിവരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നിലവിൽ കളക്ഷൻ നോക്കി റൂട്ട് നിശ്ചയിക്കുന്നതിൽ സർക്കാർ അവലംബിക്കുന്ന മാർഗ്ഗരേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ യാത്രാ പാസ്സുകൾ, കൺസഷനുകൾ എന്നിവ എപ്രകാരം കണക്കാക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിലവിൽ എത്ര രൂപയുടെ കൺസഷനുകളും യാത്രാപാസ്സുകളും ദിനംപ്രതി ഉപയോഗിക്കുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) സർക്കാർ ഉദ്യോഗസ്ഥരിൽ എത്ര പേർക്ക് യാത്രാപാസ്സുകൾ നൽകിയിട്ടുണ്ട്; ഉദ്യോഗസ്ഥരായ ഇവർക്ക് പാസ്സുകൾ നൽകാൻ കാരണമെന്താണെന്നു വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിർത്തലാക്കുമ്പോൾ അതാതു മണ്ഡലങ്ങളിലെ നിയമസഭാ സാമാജികരോട് ആലോചിച്ചശേഷം മാത്രം നടപ്പിലാക്കാൻ കെ. എസ്. ആർ. ടി. സി. മാനേജ്മെന്റിന് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്. രാത്രികാലങ്ങളിലും അതിരാവിലെയുമുള്ള പല സർവ്വീസുകളും ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് പുനഃക്രമീകരണം നടത്തിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിശോധിച്ചിട്ടില്ല.

(ഡി) ട്രാഫിക് ഡിമാന്റ് അനുസരിച്ച് ദേശസാൽകൃത മേഖലയിൽ ലാഭനഷ്ടം നോക്കാതെയാണ് സർവ്വീസ് നടത്തുന്നത്. കൺസഷൻ, യാത്രാപാസ്സുകൾ എന്നിവ ട്രാഫിക് ഡിമാന്റിൽ ഉൾപ്പെട്ടിരിക്കുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഗതാഗത വകുപ്പുമന്ത്രിയുടെ ആഫീസിലെ 5 ജീവനക്കാർക്കും ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ 4 ജീവനക്കാർക്കും പാസ്സ് അനുവദിച്ചിട്ടുണ്ട്.

(ജി) ഈ നിർദ്ദേശം പ്രായോഗികമല്ല.

ഫെയർസ്റ്റേജുകൾ ശാസ്ത്രീയമായി പുതുക്കി നിശ്ചയിക്കാൻ നടപടി

61 [4939] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് പല ബസ് ഡിപ്പോയിലും ഫെയർ സ്റ്റേജ് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ. എസ്. ആർ. ടി. സി.-യുടെ ഫെയർസ്റ്റേജുകൾ ഏറ്റവും ഒടുവിൽ നിശ്ചയിച്ചത് എന്നാണ്;

(സി) കെ. എസ്. ആർ. ടി. സി.-യുടെ ഫെയർസ്റ്റേജ് അപാകതകൾ സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly